# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4168** **16-12-2014 ലെ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ., കെ.എഫ്.സി സ്വയം സംരംഭകത്വ പദ്ധതി പ്രകാരമുള്ള വായ്പാ സൗകര്യം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തോമസ് ഉണ്ണിയാടൻ**<br>**ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. റ്റി.യു. കുരുവിള**<br>**ശ്രീ. സി.എഫ്. തോമസ്** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.എഫ്.ഇ., കെ.എഫ്.സി. മുതലായ സ്ഥാപനങ്ങളിൽ നിന്നും സ്വയം സംരംഭകത്വ പദ്ധതി പ്രകാരം നൽകിവരുന്ന വായ്പാ സൗകര്യം കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുമോ ;<br><br>(ബി) ഇങ്ങനെ നൽകുന്ന വായ്പകൾക്ക് കൂടുതൽ പലിശ ഇളവ് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (എ) & (ബി) കെ.എസ്.എഫ്.ഇ.യിൽ സ്വയം സംരംഭകത്വ പദ്ധതി പ്രകാരമുള്ള വായ്പ ഇപ്പോൾ നിലവിലില്ല.<br>ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്ന എല്ലാ പുതിയ പദ്ധതികൾക്കും നൂതനമായ കാർഷികാധിഷ്ഠിത പദ്ധതികൾക്കും നിലവിലെ വ്യവസ്ഥകൾ പ്രകാരം കെ.എഫ്.സി. മുഖേന സ്വയം സംരംഭക വികസന മിഷൻ വഴി വായ്പാ സൗകര്യം ലഭ്യമാക്കി വരുന്നുണ്ട്. ഇതിനുള്ളിൽ വരുന്ന എല്ലാവർക്കും വായ്പ ലഭിക്കുന്നതാണ്. ഇത് പലിശ രഹിത വായ്പയായതിനാൽ കൂടുതൽ പലിശ ഇളവ് നൽകുന്നകാര്യം ഉദിക്കുന്നില്ല. |
| (സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് കൂടുതൽ സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് കൂടുതൽ സഹായങ്ങൾ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ.**